**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 34** **24-08-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ സർഫാസി നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ .പി. കെ. ബഷീർ , ഡോ. എം.കെ . മുനീർ , ശ്രീ . ടി. വി. ഇബ്രാഹിം , ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേന്ദ്ര സർക്കാരിന്റെ സർഫാസി നിയമം ബാധകമാക്കിയിട്ടുണ്ടോ; | (എ) | The Securitisation and Reconstruction of Financial Assets and Enforcement of Securities Act, 2002 (SARFAESI ACT) സഹകരണ ബാങ്കുകളിൽ ബാധകമാക്കിയിട്ടുണ്ട്. സഹകരണ വകുപ്പിനു കീഴിൽ, RBI ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, 60 അർബൻ സഹകരണ ബാങ്കുകൾ എന്നിവയാണ് സർഫാസി നിയമപ്രകാരം നടപടികൾ സ്വീകരിയ്ക്കുന്നത്. |
| (ബി) | സർഫാസി നിയമപ്രകാരം മൂവാറ്റുപുഴ അർബൻ ബാങ്ക് പായിപ്രയിലെ നാല് കുട്ടികളടങ്ങുന്ന കുടുംബത്തെ കുടിയിറക്കി ജപ്തി ചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നുവോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | മൂവാറ്റുപുഴ അർബൻ സഹകരണ ബാങ്കിലെ 29483-ാം നമ്പർ അംഗം ശ്രീ.അജേഷ് കുമാർ വി.എ, വലിയപറമ്പിൽ, പേഴയ്ക്കാപ്പിള്ളി എന്ന വ്യക്തി ബാങ്കിന്റെ പേഴയ്ക്കാപ്പിള്ളി ശാഖയിൽ നിന്നും 31.08.2017-ൽ MTS0230/PY നമ്പരായി 1,00,000/-രൂപ വായ്പ എടുത്തിരുന്നു. വസ്തു ഈടിന്മേലുള്ള ടി വായ്പ തിരിച്ചടവ് മുടങ്ങിയതിനെ തുടർന്ന് എൻ.പി.എ ആകുകയും, ബാങ്ക് 26/04/2018-ൽ സർഫാസി നിയമ പ്രകാരം നോട്ടീസ് അയക്കുകയും ടി നോട്ടീസ് കൈപ്പറ്റിയതിനു ശേഷവും, ടിയാൾ വായ്പ തിരിച്ചടയ്ക്കാത്തതിനെ തുടർന്ന് ബാങ്ക് ബഹുമാനപ്പെട്ട എറണാകുളം സി.ജെ.എം കോടതിയിൽ MC 55/19 നമ്പരായി കേസ് ഫയൽ ചെയ്യുകയും ബഹു. കോടതി ഈട് വസ്തുവിന്റെയും വീടിന്റെയും പോസ്സഷൻ എടുക്കുന്നതിന് അഡ്വക്കേറ്റ് കമ്മീഷണറെ നിയമിച്ച് കൊണ്ട് 11.01.2019-ൽ ഉത്തരവിടുകയും ചെയ്തു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിതനായ അഡ്വക്കേറ്റ് കമ്മീഷണർ കുടിശ്ശികക്കാരനായ ശ്രീ.അജേഷ് കുമാറിന് നോട്ടീസ് അയക്കുകയും ടി നോട്ടീസ് കൈപ്പറ്റിയതിന് ശേഷവും വായ്പ കുടിശ്ശിക |

| | | | |
|---|---|---|---|
| | | | അടയ്ക്കാൻ തയ്യാറാകാത്തതിനെ തുടർന്ന് 23/12/2021-ൽ അഡ്വക്കേറ്റ് കമ്മീഷണർ ഈട് വസ്തുവിൽ എത്തുകയും വീട് പൂട്ടിയ നിലയിൽ ആയതിനാൽ ശ്രീ.അജേഷ് കുമാറിനെ ബന്ധപ്പെടാൻ ശ്രമിച്ചിട്ട് സാധിക്കാത്തതിനാൽ തിരികെ പോകുകയും ചെയ്തു.<br><br>തുടർന്ന് ബഹു.കോടതിയിൽ ടി വിവരം റിപ്പോർട്ട് ചെയ്യുകയും, കോടതി ബ്രേക്ക് ഓപ്പൺ, പോലീസ് സഹായം എന്നിവയ്ക്ക് ഉത്തരവ് നൽകിയതിനെ തുടർന്ന് 02.04.2022-ൽ 12 മണിയോട് കൂടി അഡ്വ.കമ്മീഷണർ പോലീസ് സഹായത്തോടെ ഈട് വസ്തുവിൽ പ്രവേശിക്കുകയും വീട് പൂട്ടിയ സ്ഥിതിയിൽ ആയതിനാലും, വീട്ടിൽ ആരും ഇല്ലാതിരുന്നതിനാലും ബ്രേക്ക് ഓപ്പൺ ചെയ്ത് ഇൻവെന്ററി എടുത്ത് വീട് പൂട്ടി സീൽ ചെയ്ത് ബാങ്കിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ താക്കോൽ കൈപ്പറ്റി 2 മണിയോടെ തിരികെ പോകുകയും ചെയ്തിട്ടുള്ളതാണ്. ശ്രീ.അജേഷ് കുമാറിന്റെ വായ്പാ 04.04.2022-ൽ മുതലും പലിശയും ഉൾപ്പെടെ 1,35,586/-രൂപയ്ക്ക് അടച്ച് തീർപ്പാക്കിയിട്ടുള്ളതും ടിയാന്റെ ഈട് വസ്തു പ്രമാണങ്ങൾ തിരികെ കൈപ്പറ്റിയിട്ടുള്ളതുമാണ്.<br><br>ശ്രീ.അജേഷ് കുമാറിന്റെ വീട്ടിൽ നടത്തിയ ജപ്തി നടപടികളുമായി ബന്ധപ്പെട്ട് ബാങ്കിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ.ജോസ്.കെ.പീറ്റർ 06.04.2022-ൽ രാജി വെച്ചിട്ടുള്ളതുമാണ്. കൂടാതെ 5 സെന്റിൽ താഴെയുള്ള കുടുംബങ്ങളെ ജപ്തി ചെയ്യുമ്പോൾ പകരം താമസ സൗകര്യം ഏർപ്പെടുത്തണമെന്ന സർക്കാർ നയം നടപ്പാക്കാത്തതിനാൽ ബാങ്കിലെ ഡെപ്യൂട്ടി ജനറൽ മാനേജരും ഓതറൈസ്ഡ് ഓഫീസറുമായ ശ്രീമതി.എം.എ.ഷാന്റി, പേഴയ്ക്കാപ്പിള്ളി ബ്രാഞ്ച് മാനേജർ ശ്രീ.കെ.കെ.സജീവ് എന്നിവരെ 16.04.2022-ൽ സസ്പെന്റ് ചെയ്തിട്ടുള്ളതും 09.05.2022-ൽ തിരിച്ചെടുക്കുകയും ചെയ്തിട്ടുള്ളതുമാണ്. |
| (സി) | സർഫാസി നിയമം പാവപ്പെട്ടവരെയും ഇടത്തരക്കാരെയും ദോഷകരമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | 5 സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാദ്ധ്യതയ്ക്ക് സർഫാസി നിയമത്തിലെ വ്യവസ്ഥകൾ ബാധകമാക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി, പ്രസ്തുത നിയമത്തിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 14-ാം കേരള നിയമസഭ 2017 ആഗസ്റ്റ് 21-ന് ഐകകണ്ഠ്യേന പ്രമേയം |

| | | | |
|---|---|---|---|
| | | | പാസാക്കുകയും ആയത് പ്രകാരം ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. 5 സെന്റിൽ താഴെയുള്ള കുടുംബങ്ങളെ ജപ്തി ചെയ്യുമ്പോൾ പകരം താമസ സൗകര്യം ഏർപ്പെടുത്തണമെന്നാണ് ഇക്കാര്യത്തിലുള്ള സർക്കാർ നയം. |

സെക്ഷൻ ഓഫീസർ